**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6769** **21-03-2023 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റം സംബന്ധിച്ച നിയമന അനുപാതം കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സ.ഉ (അച്ചടി) നം. 27/2021/പൊ.വി.വ തീയതി 24.12.2021, സ.ഉ (പി) നം. 36/91/ പി&എആർഡി തീയതി 02.12.1991 എന്നീ ഉത്തരവുകൾ പ്രകാരം ഓരോ വകുപ്പിലെയും ഓരോ വർഷവുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10 ശതമാനം ഒഴിവുകൾ മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റത്തിന് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2021-22 അദ്ധ്യയന വർഷം മുതൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി വിഹിതം ചെയ്തിട്ടുള്ള ഒഴിവുകൾ സംബന്ധിച്ച് 24.02.2022, 08.03.2022 എന്നീ തീയതികളിലെ എ1/7906/2020/ഡി.ജി.ഇ നമ്പർ സർക്കുലറുകൾ പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അദ്ധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റം സംബന്ധിച്ച നിയമന അനുപാതം, കേഡർ സ്ട്രെങ്ത് അനുസരിച്ച് എൽ.പി. സ്കൂൾ ടീച്ചർ, യു.പി.സ്കൂൾ ടീച്ചർ എന്നീ തസ്തികകൾക്ക് മുപ്പത് ശതമാനവും ഹൈസ്കൂൾ ടീച്ചർ തസ്തികക്ക് ഇരുപത്തഞ്ച് ശതമാനവും ആക്കി മുൻകാല പ്രാബല്യത്തോടെ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സർക്കാർ ഇക്കാര്യം പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ